നടത്തുന്നതിന് ആധികാരിക ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. ടി വിമാനത്താവളത്തിനായുള്ള ടെക്നോ എക്കണോമിക് പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ടെണ്ടർ പ്രോസസ് മുഖേന ചുമതലപ്പെടുത്തിയ ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള നിയമാനുസൃതമായ വിശദീകരണം തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആയത് വിശദമായ അവലോകനത്തിനുശേഷം സമയബന്ധിതമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

കോഴിക്കോട് വിമാനത്താവള വികസനം

64 (64) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കോഴിക്കോട് വിമാനത്താവള വികസന സ്ഥലമെടുപ്പിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് 2018-ൽ കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് എന്ന ഏജൻസിയേയും കാർ പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് 2020-ൽ കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയേയും സർക്കാർ നിയമിച്ചിരുന്നു. എന്നാൽ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട റവന്യൂ, പൊതുമരാമത്ത്, ഗതാഗത, കായികം വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ 1-9-2021-ന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം ഓൺലൈനായി ചേരുകയും തുടർന്ന് ഭൂമി ഏറ്റെടുക്കലിന്റെ നിജസ്ഥിതി വിലയിരുത്തുന്നതിന് കാലിക്കറ്റ് വിമാനത്താവളത്തിൽ വച്ച് ഓഫ് ലൈൻ ആയി യോഗം ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ വിഷയത്തിൽ കേന്ദ്ര വ്യോമയാന മന്ത്രിയുമായി 30-9-2021-ന് ചർച്ച നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2020 ആഗസ്റ്റിലുണ്ടായ വിമാന ദുരന്തത്തിന്റെ അന്വേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപകട കാരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഇല്ല.

(സി) കോഴിക്കോട് വിമാനത്താവള സ്വകാര്യവൽക്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിമാനത്താവളം വികസിപ്പിക്കുന്നതിനും വലിയ വിമാനങ്ങൾ വീണ്ടും സർവീസ് ആരംഭിക്കുന്നതിനും വിമാനത്താവളം പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കോഴിക്കോട് വിമാനത്താവള വികസനവും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് എയർപോർട്ട് അതോറിറ്റി ചെയർമാൻ, എയർപോർട്ട് ഡയറക്ടർ, എന്നിവരുമായി നടന്ന ചർച്ചയിൽ കോഴിക്കോട് വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ കോസ്റ്റ് ഓഫ് അക്വിസിഷൻ മുഴുവൻ സംസ്ഥാന സർക്കാർ വഹിക്കണമെന്നും ടി ഭൂമി ഏറ്റെടുക്കൽ പ്രൊപ്പോസലിൽ റൺവേ വികസനം ഉൾപ്പെട്ടിട്ടില്ലെന്നും റൺവേ വികസനം ഇല്ലാത്ത സാഹചര്യത്തിൽ E Category wide body ഫ്ലൈറ്റുകൾ ഇറക്കാൻ സാധിക്കുകയില്ലെന്നും എയർപോർട്ട് ചെയർമാൻ അറിയിക്കുകയുണ്ടായി. കോഴിക്കോട് വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

കെ-റെയിൽ പദ്ധതി

65 (65) ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കെ-റെയിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്ഥലമേറ്റെടുക്കൽ നടപടികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിൽവർലൈൻ പദ്ധതിയുടെ പ്രീ ഇൻവെസ്റ്റ് ആക്റ്റിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയുണ്ടായി. ഇപ്രകാരം തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ലാൻഡ് അക്വിസിഷൻ നടപടികൾ തുടങ്ങേണ്ടതുണ്ട്. വിശദമായ സാമൂഹിക ആഘാത പഠനം, ഭൂമി അളന്ന് തിട്ടപ്പെടുത്തുക എന്നിങ്ങനെ 2013-ലെ RFCTLARR വകുപ്പുപ്രകാരമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. സെമി ഹൈസ്പീഡ്